**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- കംപ്യൂട്ടർ വത്ക്കരണം - സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.152/2017/ധന** **തിരുവനന്തപുരം,തീയതി : 30/11/2017**

---

പരാമർശം - (1) 28/07/2017 ലെ സ.ഉ.(അച്ചടി) നം. 97/2017/ധന

(2) ഇൻഷ്വറൻസ് ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 20/11/2017 ലെ ഇൻഷ്വ/ഡവ. വിംഗ്/ഡി.വി.2/13349/16 നമ്പർ കത്ത്.

പരാമർശത്തിലെ സർക്കാർ ഉത്തരവ് (1) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള സമയപരിധി 30.11.2017 ആയി നിശ്ചയിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ മൂലവും ജോലിത്തിരക്കും കാരണം ടി സമയത്തിനുള്ളിൽ പ്രസ്തുത ജോലി പൂർത്തീകരിക്കാൻ പ്രയാസമാണ് എന്ന് ചില വകുപ്പുകൾ സർക്കാറിനെ അറിയിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിലെ ഡി.ഡി.ഒ. മാർക്കുള്ള പരിശീലനം പൂർത്തിയാകാത്ത സാഹചര്യത്തിലും മറ്റു വകുപ്പുകളിലെ നിലവിലെ ഡാറ്റാ എൻട്രി പുരോഗതി പ്രതീക്ഷിച്ച തോതിൽ പുരോഗമിക്കാത്ത സാഹചര്യത്തിലും പ്രസ്തുത ജോലി പൂർത്തീകരിക്കേണ്ട സമയപരിധി 31.12.2017 ആയി ദീർഘിപ്പിക്കണമെന്ന് പരാമർശത്തിലെ കത്തിലൂടെ ഇൻഷ്വറൻസ് ഡയറക്ടർ (i/c) അപേക്ഷിക്കുകയുണ്ടായി.

സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് /ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിക്കാരുടെ മുൻകാല പ്രീമിയം/വരിസംഖ്യ അടവ് വിവരങ്ങൾ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ആഫീസർമാർ മുഖേന ശേഖരിച്ച് 'വിശ്വാസ്' സോഫ്റ്റ്‌വെയർ ഡാറ്റാബേസിന്റെ ഭാഗമാക്കുന്നതിനുള്ള സമയപരിധി 31.12.2017 ആയി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ഈ സമയപരിധിക്കുള്ളിൽ ഡേറ്റ എൻട്രി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ലെങ്കിൽ അതാതുവകുപ്പുകളിലെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ടി. കാഞ്ചന.**

**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി.&എസ്. എസ്. എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ. എസ്. എ ) കേരള, തിരുവനന്തപുരം.
എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷനേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ ഭരണ വകുപ്പുകൾക്കും.
എല്ലാ വകുപ്പധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ഡി.ഡി.ഒ. മാർക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പി. ആർ. ഡി. ഡയറക്ടർക്ക്.
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനമേധാവികൾക്കും
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ